A

GI 702

# സമഗ്ര ശിക്ഷാ, കേരളം
# അർധവാർഷിക മൂല്യനിർണയം 2019–20

## മലയാളം

ക്ലാസ് : 7 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

## *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

---

പ്രവർത്തനം 1 – വായിക്കാം എഴുതാം

പഠനനേട്ടം : ആശയഗ്രഹണ വായന നടത്തുന്നു.

വായനയുടെ വിവിധതലങ്ങളിലൂടെ സ്വതന്ത്രമായ ചിന്ത രൂപപ്പെടുത്തുന്നു.

**സൂചകങ്ങൾ**

1. ശബ്ദം (1)
2. മൈക്കിനുമുന്നിൽ നിൽക്കുമ്പോൾ (1)
3. ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ (1)
4. നർമം (1)
5. ഒരിക്കലും മായാത്തത് (1)

**പ്രവർത്തനം – 2 അഭിമുഖ ചോദ്യാവലി**

**പഠനനേട്ടം : അഭിമുഖം നടത്താനാവശ്യമായ ചോദ്യാവലി തയാറാക്കുന്നു.**

**സൂചകങ്ങൾ**

1. പ്രശ്നവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ അഭിമുഖത്തിൽ നിന്നു ലഭ്യമാകാൻ തക്കവിധം പ്രസക്തമായ ചോദ്യങ്ങൾ എഴുതിയിട്ടുണ്ട്. (2)
2. ചോദ്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)
3. വിവരങ്ങൾ ലഭിക്കാൻ പാകത്തിൽ വ്യത്യസ്തതരത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
4. അഭിമുഖത്തിന് വിധേയമാകുന്നയാളെ ആകർഷിക്കുന്ന വിധം ചോദ്യങ്ങൾ തയാറാക്കിയിട്ടുണ്ട് (1)

**പ്രവർത്തനം – 3 വിവരണം**

**പഠനനേട്ടം : ഭാഷയിലെ സവിശേഷമായ പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ പ്രത്യേകത തിരിച്ചറിഞ്ഞ് സ്വായത്തമാക്കുന്നു.**

**സൂചകങ്ങൾ**

1. സന്ദർഭവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (2)
2. സന്ദർഭത്തിന്റെ നേരനുഭവം ലഭിക്കുംവിധം അവതരിപ്പിക്കേണ്ട ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട്. (1)

3. വാങ്മയചിത്രങ്ങൾ, ചമത്ക്കാരം, സാദൃശ്യപ്പെടുത്തലുകൾ, ഉദാഹരണങ്ങൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്. (1)

4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം - 4 കഥാപാത്രനിരൂപണം**

**പഠനനേട്ടം : കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും കഥയിലെ അവരുടെ സ്ഥാനവും കണ്ടെത്തി ലിഖിതമായി കഥാപാത്ര നിരൂപണം നടത്തുന്നു.**

**സൂചകങ്ങൾ**

1. കഥാപാത്രത്തെ വിശകലനം ചെയ്ത് കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്. (1)
2. സ്വന്തം കണ്ടെത്തലുകളും അഭിപ്രായങ്ങളും ശക്തമായും ആകർഷകമായും അവതരിപ്പിക്കാൻ പറ്റിയ ഭാഷ (ഘടന, സവിശേഷപ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട്. (1)
3. കഥാപാത്രത്തിന്റെ ശക്തിദൗർബല്യങ്ങൾ, ജീവിതവീക്ഷണം, സ്വഭാവം, പെരുമാറ്റം തുടങ്ങിയവ ഉദാഹരണങ്ങളിലൂടെ വിശകലനം ചെയ്തിട്ടുണ്ട്. (1)
4. കഥാപാത്രത്തിന്റെ സമകാലിക സാമൂഹികപ്രസക്തി യുക്തിപൂർവം കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്(1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട് (1)

**പ്രവർത്തനം - 5 ലഘുഉപന്യാസം**

**പഠനനേട്ടം : സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസങ്ങൾ, തയാറാക്കുന്നു**

**സൂചകങ്ങൾ**

1. പ്രശ്നവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
2. അനുയോജ്യമായ ഭാഷ (സവിശേഷപ്രയോഗങ്ങൾ, ശൈലി) പ്രയോഗിച്ചിട്ടുണ്ട്. (1)
3. ഉപന്യാസത്തിന്റെ ഘടന പാലിച്ചിട്ടുണ്ട് (തുടക്കം, പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം) (1)
4. സ്വന്തം നിരീക്ഷണങ്ങൾ, നിലപാടുകൾ , യുക്തിയും ഉദാഹരണങ്ങളും സഹിതം സ്ഥാപിച്ചിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം - 6 ആമുഖക്കുറിപ്പ്**

**പഠനനേട്ടം : സ്വന്തം അഭിരുചിക്ക് ഇണങ്ങുന്ന പുസ്തകങ്ങൾ കണ്ടെത്തി വായിക്കുന്നു. കുറിപ്പ് തയാറാക്കുന്നു.**

**സൂചകങ്ങൾ**

1. വായനയിൽ ലഭിച്ച അനുഭവങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. (1)
2. വായനാനുഭവം ആകർഷകമായി അവതരിപ്പിക്കാൻ സഹായകരമായ ഭാഷ (വൈകാരികം, വിശകലനാത്മകം) പ്രയോഗിച്ചിട്ടുണ്ട് (2)
3. നിരീക്ഷണവും കണ്ടെത്തലുകളും സ്വാഭിപ്രായവും ചുരുക്കി പ്രതിപാദിച്ചിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)